## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3971 — 24/08/2017-ൽ മറുപടിയ്ക്ക്.

### മറ്റു സംസ്ഥാനങ്ങളിൽ നിന്നുള്ള പാൽ ശേഖരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.പി.ജയരാജൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) മിൽമ സംസ്ഥാനത്തിന് പുറത്തുനിന്നും പ്രതിദിനം എത്ര ലിറ്റർ പാൽ വീതം ശേഖരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) മിൽമ ഇപ്പോൾ സംസ്ഥാനത്തിനു പു.റത്തു നിന്നും പ്രതിദിനം ശരാശരി 1.60 ലക്ഷം ലിറ്റർ പാൽ ശേഖരിക്കുന്നു. |
| (ബി) ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് മിൽമ പാൽ ശേഖരണം നടത്തുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) അയൽ സംസ്ഥാനങ്ങളായ കർണ്ണാടക തമിഴ്നാട് എന്നിവിടങ്ങളിലെ സഹകരണ ഫെഡറേഷനുകളിൽ നിന്നാണ് സംസ്ഥാനത്തിനു പുറത്തു നിന്നും മിൽമ പാൽ ശേഖരിക്കുന്നത്. |
| (സി) ഇങ്ങനെ ശേഖരിക്കുന്ന പാലിന് ലിറ്ററിന് എത്ര രൂപ വീതമാണ് നൽകുന്നതെന്ന് വ്യക്തമാക്കുമോ ? | (സി) അയൽ സംസ്ഥാനങ്ങളിൽ നിന്നും പാൽ വാങ്ങുന്നത് ആ സംസ്ഥാനങ്ങളിലെ ക്ഷീര സഹകരണ ഫെഡറേഷനുമായുള്ള കരാറിന്റെ അ ടിസ്ഥാനത്തിലാണ്. ഇപ്പോൾ നിലവിലുള്ള കരാറിൻ പ്രകാരം കർണ്ണാടക സംസ്ഥാനത്ത് നിന്നും പാൽ വാങ്ങുമ്പോൾ 3.5% കൊഴുപ്പും 8.3% എസ്.എൻ.എഫും (സോളിഡ് നോട്ട് ഫാറ്റ്) ഉള്ള പാലിന് ലിറ്ററിന് 29.87 രൂപയാണ് വില. പാലിന്റെ ഗുണനിലവാരം മാറുന്നതനുസരിച്ച് ഓരോ 0.1% കൊഴുപ്പിന് 24 പൈസയും |

0.1 % എസ്.എൻ.എഫി ന്
22 പൈസയും അധികമായും/
കുറവായും നൽകണം. ഈ വില
പാസ് ച്ചറൈസ് ചെയ്യാത്ത തണുപ്പിച്ച
പാലിനാണ്. പാസ്ച്ചുറൈസ്
ചെയ്യുകയാണെങ്കിൽ അഃിന്റെ
ചിലവ് അധികമായി നൽകണം.
ഇതിനു പുറമേ അവരുടെ ടാങ്കർ
ഉപയോഗിക്കുകയാണെങ്കിൽ
കടത്തുകൂലി അവർക്ക്
നൽകുകയും വാടകക്കെടുത്ത ടാങ്കർ
ആണെങ്കിൽ അതിന് വാടക
നൽക്കുകയും വേണം.
തമിഴ്നാട്ടിൽ നിന്നും പാൽ
വാങ്ങുന്നത് മൊത്തം ഖര
പദാർത്ഥത്തിന്റെയും അളവിന്റേയും
അ ടിസ്ഥാനത്തിലാണ്. ഇതിന്
ഇപ്പോഴത്തെ വില കിലോയ്ക്ക് 240.00
രൂപയാണ്. ഇതിനു പുറമേ കടത്തു
കൂലി നമ്മൾ വഹിക്കേതാണ്. ഈ
വില പാസ് ച്ചറൈസ് ചെയ്യാത്ത
ത ണുപ്പിച്ച പാലിനാണ്.
പാസ്ച്ചുറൈസ് ചെയ്യുകയാണെങ്കിൽ
അതിന്റെ ചിലവ്
അധികമായി നൽകണം.

സെക്ഷൻ ഓഫീസർ.